"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ-മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ റാങ്ക്/ഗ്രേഡിംഗ് നിർണ്ണയം നടത്തുന്നത് - ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.176/2026/LSGD തീയതി,തിരുവനന്തപുരം, 21-01-2026

---

പരാമർശം:-

1. 24/08/2025 ലെ സ.ഉ.(സാധാ) നം 2097/2025/LSGD നമ്പർ സർക്കാർ ഉത്തരവ്
2. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 31/12/2025 ലെ SM/1765/2025-DEO CS നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്തെ മാലിന്യമുക്തമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ശുചിത്വ മാലിന്യ സംസ്കരണത്തിലെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഗ്രേഡ് ചെയ്യുന്നതിനായി പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഗ്രേഡിംഗ് മാനദണ്ഡങ്ങളിലും, നിശ്ചയിച്ചിരുന്ന അടിസ്ഥാന കാലയളവ്, ചോദ്യങ്ങളിൽ കൂടുതൽ വ്യക്തത വരുത്തൽ, ചില ഇനങ്ങളിൽ നിശ്ചയിച്ച മാർക്കുകൾ പുനർനിർണ്ണയിക്കൽ എന്നിങ്ങനെ ചില ഭേദഗതികൾ വരുത്തുന്നത് ഗ്രേഡിംഗ് സുഗമമായി പൂർത്തിയാക്കുന്നതിന് സഹായകരമാകുമെന്ന് സർക്കാർ നിരീക്ഷിക്കുകയുണ്ടായി. അതിന് ഉതകുന്ന വിധം പരാമർശം 1 ലെ ഉത്തരവിൽ വരുത്താവുന്ന ചില ഭേദഗതി നിർദ്ദേശങ്ങൾ പരാമർശം 2 പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രേഡിംഗിന് പരിഗണിക്കുന്ന അടിസ്ഥാന കാലയളവിൽ മാറ്റം വരുത്തിക്കൊണ്ടും, ചോദ്യങ്ങളിൽ കൂടുതൽ വ്യക്തത വരുത്തിക്കൊണ്ടും അവശ്യം വരുത്തേണ്ട മാറ്റങ്ങൾ ചുവടെ പട്ടികയിൽ പരാമർശിച്ച പ്രകാരം ഉൾപ്പെടുത്തി പരാമർശം 1-ലെ സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| 24/08/2025 ലെ സ.ഉ.(സാധാ) നം 2097/2025/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിലനിന്നിരുന്ന വ്യവസ്ഥ | ഭേദഗതി | റിമാർക്സ് |
|---|---|---|
| 2025 ഏപ്രിൽ - ജൂലൈ മാസത്തെ വാതിൽപ്പടി ശേഖരണ ശതമാനത്തിന്റെ ശരാശരി (ഹരിതമിത്രം അപ്ലിക്കേഷൻ പ്രകാരം) | 2025 ഏപ്രിൽ - നവംബർ മാസത്തെ വാതിൽപ്പടി ശേഖരണ ശതമാനത്തിന്റെ ശരാശരി (ഹരിതമിത്രം അപ്ലിക്കേഷൻ പ്രകാരം) | • അടിസ്ഥാന കാലയളവിൽ മാറ്റം വരുത്തിയിട്ടുണ്ട്<br>• നേരത്തെ ഉണ്ടായിരുന്ന 4 ചോദ്യങ്ങൾ ഏകീകരിച്ച് ഒരു ചോദ്യം ആക്കി മാറ്റി |
| 2025 ഏപ്രിൽ - ജൂലൈ മാസത്തെ യൂസർ ഫീസ് ശേഖരണ ശതമാനത്തിന്റെ ശരാശരി (ഹരിതമിത്രം അപ്ലിക്കേഷൻ പ്രകാരം) | 2025 ഏപ്രിൽ - നവംബർ മാസത്തെ യൂസർ ഫീസ് ശേഖരണ ശതമാനത്തിന്റെ ശരാശരി (ഹരിതമിത്രം അപ്ലിക്കേഷൻ പ്രകാരം) | • അടിസ്ഥാന കാലയളവിൽ മാറ്റം വരുത്തിയിട്ടുണ്ട്.<br>• നേരത്തെ ഉണ്ടായിരുന്ന 4 ചോദ്യങ്ങൾ ഏകീകരിച്ച് ഒരു ചോദ്യം ആക്കി മാറ്റി |
| അജൈവ മാലിന്യ ശേഖരണത്തിനായി കുറഞ്ഞത് 1000 ച. അടി MCF/RRF കെട്ടിടം ഉണ്ടോ? (ഒന്നിൽ കൂടുതൽ MCF/RRF കെട്ടിടം ഉണ്ടെങ്കിൽ ആകെ വിസ്തീർണ്ണം 1000 ഉണ്ടെങ്കിൽ മാത്രം അതെ എന്ന് രേഖപ്പെടുത്തുക) | അജൈവ മാലിന്യ ശേഖരണത്തിനായി കുറഞ്ഞത് 1000 ച. അടിയുള്ള പ്രവർത്തനക്ഷമമായ MCF/RRF കെട്ടിടം ഉണ്ടോ? (ഒന്നിൽ കൂടുതൽ MCF/RRF കെട്ടിടം ഉണ്ടെങ്കിൽ ആകെ വിസ്തീർണ്ണം 1000 ഉണ്ടെങ്കിൽ മാത്രം അതെ എന്ന് രേഖപ്പെടുത്തുക) | ചോദ്യത്തിൽ പ്രവർത്തനക്ഷമമായ കെട്ടിടം എന്ന് വ്യക്തത വരുത്തി |
| സോർട്ടിംഗ് ടേബിൾ/കൺവെയർ ബെൽറ്റ് എന്നിവ നിലവിലുണ്ടോ? (ഒന്നിൽ കൂടുതൽ MCF/RRF ഉണ്ടെങ്കിൽ എല്ലാ സംവിധാനത്തിലും മേൽപറഞ്ഞ സൗകര്യം ഉണ്ടെങ്കിൽ മാത്രം അതെ എന്ന് രേഖപ്പെടുത്തുക) | പ്രവർത്തനക്ഷമമായ സോർട്ടിംഗ് ടേബിൾ/കൺവെയർ ബെൽറ്റ് എന്നിവ നിലവിലുണ്ടോ? (ഒന്നിൽ കൂടുതൽ MCF/RRF ഉണ്ടെങ്കിൽ എല്ലാ സംവിധാനത്തിലും മേൽപറഞ്ഞ സൗകര്യം ഉണ്ടെങ്കിൽ മാത്രം അതെ എന്ന് രേഖപ്പെടുത്തുക) | ചോദ്യത്തിൽ പ്രവർത്തനക്ഷമമായ സോർട്ടിംഗ് ടേബിൾ/കൺവെയർ ബെൽറ്റ് എന്ന് വ്യക്തത വരുത്തിയിട്ടുണ്ട് |
| ഏപ്രിൽ, മേയ്, ജൂൺ, ജൂലൈ മാസത്തിൽ ആകെ ശേഖരിച്ച അജൈവ മാലിന്യത്തിന്റെ ആകെ അളവ് (Kg) | 2025 ഏപ്രിൽ മുതൽ 2025 നവംബർ വരെയുള്ള മാസങ്ങളിൽ ആകെ ശേഖരിച്ച അജൈവ മാലിന്യത്തിന്റെ ആകെ അളവ് (Kg) | അടിസ്ഥാന കാലയളവിൽ മാറ്റംവരുത്തി |
| ഹരിതമിത്രം പ്രകാരം ആകെ കെട്ടിട എണ്ണം | ഹരിതമിത്രം പ്രകാരം ആകെ വീടുകളുടെ എണ്ണം | ചോദ്യത്തിൽ വ്യക്തത വരുത്തി |
| ഹരിതമിത്രം പ്രകാരം ആകെ പ്രവർത്തനക്ഷമമായ ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉള്ള കെട്ടിട (ഗാർഹികം, സ്ഥാപനം) എണ്ണം | ഹരിതമിത്രം പ്രകാരം ആകെ പ്രവർത്തനക്ഷമമായ ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉള്ള വീടുകളുടെ എണ്ണം | |
| • ഹരിതമിത്രം പ്രകാരം ആകെ | • ഹരിതമിത്രം പ്രകാരം ആകെ | • ചോദ്യത്തിൽ വ്യക്തത |

| | | | |
|---|---|---|---|
| പ്രവർത്തനക്ഷമമായ ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഇല്ലാത്ത കെട്ടിട (ഗാർഹികം, സ്ഥാപനം) ങ്ങളിൽ നിന്നും ആകെ ഉത്പാദിപ്പിക്കുന്ന പ്രതിദിന അജൈവ മാലിന്യത്തിന്റെ അളവ് * (Kg)<br><br>* **<u>ജൈവ മാലിന്യ സംസ്കരണ ഉപാധികൾ ഇല്ലാത്ത വീടുകൾ കെട്ടിടങ്ങൾ എന്നിവയുടെ ജൈവ മാലിന്യ ഉത്പാദനം കണ്ടുപിടിക്കേണ്ട വിധം</u>**<br><br>ജൈവ മാലിന്യ സംസ്കരണ ഉപാധികൾ ഇല്ലാത്ത വീടുകൾ കെട്ടിടങ്ങളിലെ പ്രതിദിന ജൈവ മാലിന്യ ഉത്പാദനം<br><br>=<br><br>(ജൈവ മാലിന്യ സംസ്കരണ ഉപാധികൾ ഇല്ലാത്ത വീടുകൾ കെട്ടിടങ്ങളുടെ എണ്ണം × 4 (ശരാശരി താമസക്കാരുടെ എണ്ണം) × പ്രതിദിന ജൈവ മാലിന്യ ഉത്പാദനം (gm)<br><br>-------------------<br><br>1000 | പ്രവർത്തനക്ഷമമായ ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഇല്ലാത്ത വീടുകളിൽ നിന്നും ആകെ ഉത്പാദിപ്പിക്കുന്ന പ്രതിദിന അജൈവ മാലിന്യത്തിന്റെ അളവ്* (Kg)<br><br>* **<u>ജൈവ മാലിന്യ സംസ്കരണ ഉപാധികൾ ഇല്ലാത്ത വീടുകളുടെ ജൈവ മാലിന്യ ഉത്പാദനം കണ്ടുപിടിക്കേണ്ട വിധം</u>**<br><br>ഗ്രാമപഞ്ചായത്ത് മേഖലയിലെ ജൈവ മാലിന്യ സംസ്കരണ ഉപാധികൾ ഇല്ലാത്ത വീടുകളിലെ പ്രതിദിന ജൈവ മാലിന്യ ഉത്പാദനം =<br><br>ജൈവ മാലിന്യ സംസ്കരണ ഉപാധികൾ ഇല്ലാത്ത വീടുക ളുടെ എണ്ണം × 4 (ശരാശരി താമസക്കാരുടെ എണ്ണം) × പ്രതിദിന ജൈവ മാലിന്യ ഉത്പാദനം (gm)<br><br>----------------<br><br>1000<br><br>നഗരസഭ മേഖലയിലെ ജൈവ മാലിന്യ സംസ്കരണ ഉപാധികൾ ഇല്ലാത്ത വീടുകളിലെ പ്രതിദിന ജൈവ മാലിന്യ ഉത്പാദനം =<br><br>((ജൈവ മാലിന്യ സംസ്കരണ ഉപാധികൾ ഇല്ലാത്ത വീടുകളുടെ എണ്ണം × 4 ) + (2011ലെ ജനസംഖ്യ പ്രകാരമുള്ള | വരുത്തി | |

| | | |
|---|---|---|
| | ജനസംഖ്യയുടെ 10%) ✕ പ്രതിദിന ജൈവ മാലിന്യ ഉത്പാദനം (gm)<br>---------------<br>1000 | |
| • തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ പ്രവർത്തനക്ഷമമായ ആകെ കമ്മ്യൂണിറ്റി ജൈവ മാലിന്യ സംസ്കരണ സംവിധാനത്തിന്റെ പ്രതിദിന ശേഷി (Kg) യുമായി ബന്ധപെട്ട വിവരങ്ങൾ CE Survey പ്രകാരമാണ് എടുത്തിരുന്നത്<br><br>Mark distribution -70% - 100% - 5,<br>50% - 70% - 3,<br>25%-50% - 1,<br>Below 25% - 0 | • CE Survey ഒഴിവാക്കി direct entry ആക്കി<br>• Mark distribution -90% - 100% - 5,<br>80% - 90% - 4,<br>70%-80% -3,<br>60%-70%-2<br>50%-60%-0 | • ചോദ്യത്തിൽ വ്യക്തത വരുത്തി |
| സാനിട്ടറി മാലിന്യ ശേഖരണ സംസ്കരണത്തിനായി ശുചിത്വ മിഷൻ Accredited ഏജൻസിയുമായി കരാർ/സാനിട്ടറി മാലിന്യ സംസ്കരണത്തിനായി ഡബിൾ ചേംബർ ഇൻസിനറേറ്റർ നിലവിലുണ്ടോ? | സാനിട്ടറി മാലിന്യ ശേഖരണ സംസ്കരണത്തിനായി ശുചിത്വ മിഷൻ Accredited ഏജൻസിയുമായി കരാർ/ സ്വന്തമായി സാനിട്ടറി മാലിന്യ സംസ്കരണത്തിനായി ഡബിൾ ചേംബർ ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്/ തദ്ദേശ സ്വയംഭരണ സ്ഥാപനം ഏതെങ്കിലും ക്ലസ്റ്റർ സാനിട്ടറി വേസ്റ്റ് മാനെജ്മെന്റ് പ്ലാൻറ് പ്രൊജക്റ്റിന്റെ ഭാഗമാണോ? | • പഞ്ചായത്തുകൾക്ക് അധിക മാർക്ക് കിട്ടുന്നതിന് ഒരു നിബന്ധന കൂടി വച്ചു |
| • തദ്ദേശ സ്ഥാപനത്തിലെ ഹരിത പ്രോട്ടോക്കോൾ പാലനം (തദ്ദേശ സ്വയംഭരണ സ്ഥാപനം നിൽക്കുന്ന കോമ്പൗണ്ടിലെ എല്ലാ അനുബന്ധ സ്ഥാപനങ്ങളും ഉൾപ്പെടെ) | • തദ്ദേശ സ്ഥാപനത്തിലെ ശുചിത്വവും മാലിന്യ സംസ്കരണവും — എന്നാക്കി ഈ ചോദ്യത്തിൽ വ്യക്തത വരുത്തി | • വ്യക്തത വരുത്തി |

| | | |
|---|---|---|
| കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിർദേശിച്ച ക്യാമ്പയിനുകൾ<br>• ഹർ ഗർ തിരങ്ക<br>• Stop Dharia<br>• സ്വച്ചതാ ഹി സേവ<br>• കുട്ടികളുടെ ഹരിത സഭ<br>• സ്നേഹാരാമം<br>• 2024 ഒക്ടോബർ - ജനകീയ ശുചീകരണം | കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിർദേശിച്ച ക്യാമ്പയിനുകൾ<br>• ഹർ ഗർ തിരങ്ക<br>• Stop Dharia<br>• സ്വച്ചതാ ഹി സേവ<br>• മഴക്കാല പൂർവ ശുചീകരണം | നിർദ്ദേശിച്ച ക്യാമ്പയിനുകളുടെ പേരുകളിൽ വ്യക്തത വരുത്തി |

മേൽ ഭേദഗതികളോടെ പരാമർശം 1-ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

കോർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി 2
പ്രിൻസിപ്പൽ ഡയറക്ടർ, LSGD സ്വരാജ് ഭവൻ, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ,ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ
മാനേജിംഗ് ഡയറക്ടർ,ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ , കെ എസ് ഡബ്ല്യു എം പി
മെമ്പർ സെക്രട്ടറി,കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
ഡയറക്ടർ ജനറൽ , കില
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം
ഡയറക്ടർ(I&PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Vinod Kumar. V
Date: 22-01-2026 12:51:40

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്

ഗ്രേഡിംഗ് പൂർത്തികരിക്കേണ്ട സമയക്രമം

| ക്രമ നമ്പർ | പ്രവർത്തനം | സമയപരിധി |
|---|---|---|
| 1 | ഗ്രേഡിംഗിന് തയ്യാറാക്കിയ പ്രത്യേക സോഫ്റ്റ് വെയറിൽ വിവിധ ഘടകങ്ങൾ, സൂചകങ്ങൾ എന്നിവക്കനുസരിച്ച് തയ്യാറാക്കിയ ചോദ്യങ്ങൾ പ്രകാരമുള്ള വിവരങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ രേഖപ്പെടുത്തുന്നത് | 2026 ജനുവരി 21 - 24 വരെ |
| 2 | വിലയിരുത്തൽ ടീമിന്റെ പരിശീലനം | 2026 ജനുവരി 21 നകം |
| 3 | ഫീൽഡ് പരിശോധന പൂർത്തീകരണം | 2026 ജനുവരി 21 മുതൽ ഫെബ്രുവരി 9 വരെ |
| 4 | ജില്ലാ വെരിഫിക്കേഷൻ പൂർത്തീകരണം | 2026 ജനുവരി 21 മുതൽ ഫെബ്രുവരി 10 വരെ |
| 5 | ഗ്രേഡിംഗ് നിശ്ചയിച്ച്(സംസ്ഥാനതലം) അന്തിമമാക്കൽ | 2026 ഫെബ്രുവരി 12 |